LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം

113 [302] ശ്രീ. കെ. സുധാകരൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. കെ. അച്ചുതൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എവിടെയെല്ലാം മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുവാൻ പരിപാടിയുണ്ട്;

(ബി) ഇവയുടെ നിർമ്മാണം എന്ന് ആരംഭിച്ച് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുമ്പോൾ മത്സ്യബന്ധനം എത്ര കണ്ട് വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്?

ഉത്തരം

(എ) കൊയിലാണ്ടി, തലായി, കാസർഗോഡ്, ചെറുവത്തൂർ, പരപ്പനങ്ങാടി, താനൂർ, അർത്തുങ്കൽ, ചേറ്റുവ, ചെല്ലാനം, വർക്കല എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അനുമതി ലഭിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം തുടർന്നുള്ള നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കും.

(സി) അന്വേഷണ-ഗവേഷണ പഠനങ്ങൾക്കുശേഷം വിശദമായ മൂപരേഖ തയ്യാറാക്കിയാൽ മാത്രമേ ഓരോ മത്സ്യബന്ധന കേന്ദ്രത്തിലും മത്സ്യബന്ധനത്തിലുണ്ടാകുന്ന വർദ്ധനവ് നിർവ്വചിക്കുവാൻ സാധിക്കുകയുള്ളൂ.

കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിലെ മണൽത്തിട്ട

114 [303] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ മണൽത്തിട്ട വന്ന് അടിയുന്നതുമൂലം ബോട്ടുകൾ മണൽത്തിട്ടയിൽത്തട്ടി കേട് സംഭവിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ മണ്ണടിഞ്ഞുകൂടി ആഴം കുറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു കാരണം ബോട്ടുകളുടെ അടിഭാഗം തട്ടി നാശം വന്നതായി അറിവായിട്ടില്ല.

(ബി) പുതിയാപ്പ ഹാർബറിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് ബേസിനിലെ ആഴം കൂട്ടുന്നതിന് ഡ്രഡ്ജിംഗ് നടത്തേണ്ടതുണ്ട്. പൂർത്തീകരിച്ച ഫിഷിംഗ് ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും സമഗ്രമായ ഡ്രഡ്ജിംഗ് നടത്തുന്നതിനായി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള 18.535 കോടി രൂപയുടെ പ്രൊപ്പോസലിൽ പുതിയാപ്പക്കുവേണ്ടി 444 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വർഷം അത്യാവശ്യമായി ചെയ്യേണ്ടുന്ന ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി 12 ലക്ഷം രൂപയുടെ ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ട്.

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

115 [304] ശ്രീ. പി. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം സംബന്ധിച്ചുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് എന്തു തുക ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിഹിതം എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 1999-ലെ ഷെഡ്യൂൾ അനുസരിച്ച് 2950 ലക്ഷം രൂപയാണ് ഈ പദ്ധതിക്ക് ചെലവ് കണക്കാക്കിയിട്ടുള്ളത്.

(സി) 50 ശതമാനം വീതമാണ് കേന്ദ്ര-സംസ്ഥാന വിഹിതം.

LIBRARY ARCHIVES Kerala Legislative Assembly